بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 06.02.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*06.02.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ലോകത്തിന് ബോധ്യമാകും വിധം നിങ്ങളുടെ ഉള്ളിൽ പരിവർത്തനമുണ്ടാക്കുക. നിങ്ങളുടെ അവസ്ഥ എങ്ങനെയായിരിക്കണമെന്നാൽ, നിങ്ങളുടെ തഖ്‌വയും പരിശുദ്ധിയും നിങ്ങളുടെ ദുആകളുടെ സ്വീകാര്യതയും നിങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും കണ്ട് ആളുകൾ ഈ ഭാഗത്തേക്ക് ആകർഷിച്ച് വരണം. അതുകൊണ്ട് മുഅ്മിന്റെ പ്രവൃത്തിയാണ് തന്നെ എപ്പോഴും ജോലിയിൽ വ്യാപൃതനാക്കി വെക്കുക എന്നത്. ഒരു ലക്ഷ്യം കരസ്ഥമാക്കിക്കഴിഞ്ഞാൽ രണ്ടാമത്തെ ലക്ഷ്യത്തിന് അരമുറുക്കുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസ് പറഞ്ഞു:

ചിന്തയോടുകൂടിയുള്ള വായനക്കനുസൃതമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിന്റെ നെഗറ്റീവും പോസിറ്റീവും ആയിട്ടുള്ള ഫലങ്ങൾ സ്ഥാപിതമാകുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുന്നു: മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു: മൗലവി ബശീർ അഹ്മദ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്താങ്ങുന്ന ആളായിരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് പറയുന്നു, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കഠിനവിരോധിയുമായിരുന്നു. ബറാഹീനെ അഹ്മദിയ്യാ വായിക്കാനും ആ ഗ്രന്ഥമെഴുതിയ ആൾ മുജദ്ദിദാണെന്നും മൗലവി ബശീർ അഹ്മദ് സാഹിബ് മറ്റുള്ളവരോട് എപ്പോഴും പറയുമായിരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് പറയുന്നു, അവസാനം ഞാൻ അദ്ദേഹത്തോട് മുജദ്ദിദ് ആണോ എന്ന കാര്യത്തിൽ സംവാദം നടത്താമെന്ന് പറഞ്ഞു. പക്ഷേ, എങ്ങനെയായിരിക്കണം സംവാദം നടത്തേണ്ടത്? താങ്കൾ മിർസാ സാഹിബിന്റെ അനുകൂലിയാണ്. താങ്കൾ വിമർശന ബുദ്ധിയോടെ ഗ്രന്ഥങ്ങൾ വായിക്കുക. ഞാൻ എതിരാളിയാണ്. അതുകൊണ്ട് ഞാൻ അനുകൂലമനസ്ഥിതിയോടെ വായിക്കുന്നതാണ്. ഏഴ് എട്ട് ദിവസം ഗ്രന്ഥങ്ങൾ വായിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടു. ഇരുവരും ഗ്രന്ഥങ്ങൾ വായിച്ചു. ഫലമുണ്ടായതെന്താണെന്നുവെച്ചാൽ എതിരാളിയായ ഞാൻ അഹ്മദിയായി. ബശീർ സാഹിബിന്റെ മനസ്സിൽനിന്ന് ഈമാൻ പൊയ്പ്പോകുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് തന്റെ അഭിപ്രായം നല്കിക്കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: മനഃശാസ്ത്രമനുസരിച്ച് ഡിബേറ്റ്സ്(സംവാദം)നടത്തുക എന്നത് വളരെ ഹാനികരമാണ്. ചില ഘട്ടങ്ങളിൽ വമ്പിച്ച നഷ്ടത്തിന് അത് കാരണമാകാറുണ്ട്. അതിസൂക്ഷ്മങ്ങളായ പ്രശ്നങ്ങളാണിത്. അത് മനസ്സിലാക്കാൻ എല്ലാ പഠിതാക്കൾക്കും കഴിവുണ്ടാകുകയില്ല. വിമർശനദൃഷ്ടിയോടെയും ആക്ഷേപ ദൃഷ്ടിയോടെയും നല്ല കാര്യത്തിൽനിന്ന് ഉദ്ദേശ്യമെടുക്കാൻ ആഗ്രഹിച്ചാലും അത് വഞ്ചിക്കപ്പെടാൻ കാരണമായിത്തീരാറുണ്ട്. തങ്ങൾ വായിച്ചു, അതിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്, അങ്ങനെ എഴുതിയിട്ടുണ്ട് എന്ന് പറഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെമേലും ധാരാളമാളുകൾ ആക്ഷേപം ഉന്നയിച്ചുവരുന്നു. കാരണം അവർ വായിക്കുന്നതുതന്നെ ആക്ഷേപം ഉന്നയിക്കാനാണ്. പിന്നെ മുമ്പേയും പിമ്പേയുമുള്ളതുതമ്മിൽ യോജിപ്പിക്കുകയുമില്ല. ഇതൊരു പുതിയ കാര്യമൊന്നുമല്ല. ആക്ഷേപം ഉന്നയിക്കുന്നവർ അല്ലാഹുവിന്റെ ഗ്രന്ഥത്തിലും ആക്ഷേപം കണ്ടെത്തുന്നവരാണ്. അതുകൊണ്ട് വിശുദ്ധ ഖുർആനെക്കുറിച്ച് അല്ലാഹു പറയുന്നു: ഇത് സത്യവിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമാണ്. പക്ഷേ, ആക്ഷേപം ഉന്നയിക്കുന്ന അക്രമികളെ ഇത് നഷ്ടത്തിൽ ഇടുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഗ്രന്ഥം തന്നെയായിരുന്നാലും പരിശുദ്ധ ഹൃദയത്തോടെ പാരായണം ചെയ്യാൻ ശ്രമിച്ചില്ലെങ്കിൽ ഫലം ചെയ്യുകയില്ല.

പിന്നീട് നമസ്കാരത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു: 'ഒരിക്കൽ കേസ് നടക്കുന്നതിനിടയിൽ നമസ്കാരത്തിന്റെ സമയമായി. ജനങ്ങൾ നമസ്കാരത്തിന് പോകണ്ട എന്നു പറഞ്ഞിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കരിക്കാൻ പോയി. പോയതിനുശേഷമാണ് കേസ് വിളിച്ചത്. എന്നാൽ, അവിടന്ന് ആരാധനയിൽ മുഴുകുകയായിരുന്നു. നിയമമനുസരിച്ച് അദ്ദേഹത്തിന്നെതിരിൽ മജിസ്ട്രേട്ടിന് ഏകപക്ഷീയമായി വിധി പറയാമായിരുന്നു. അല്ലാഹുവിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രവർത്തി വളരെ ഇഷ്ടപ്പെട്ടു. അവൻ മജിസ്ട്രേട്ടിന്റെ ശ്രദ്ധ ആ മഹാത്മാവിന്റെ ആരാധനയിലേക്ക് തിരിച്ചുവിട്ടു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദിന്റെ അസാന്നിദ്ധ്യം അവഗണിച്ചുകൊണ്ട് ആ മഹാത്മാവിന് അനുകൂലമായി അല്ലെങ്കിൽ ആ മഹാത്മാവിന്റെ പിതാവിന് അനുകൂലമായി വിധി പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദിന് തന്റേതായ ഒരു കേസ്സുമുണ്ടായിരുന്നില്ല. സ്വത്തുക്കളുടെ കേസ്സുകളായിരുന്നു. നിർബന്ധിതനായി എപ്പോഴെങ്കിലും കേസിന് പോകേണ്ടി വന്നിരുന്നെങ്കിൽ അത് തന്റെ പിതാവിനുവേണ്ടിയായിരുന്നു.

ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതിയും സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: എങ്ങനെയാണ് നമുക്ക് ജമാഅത്തായിട്ടുള്ള നമസ്കാരത്തെ ശീലമാക്കേണ്ടത്. പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നമസ്കാരത്തിനായി മസ്ജിദിൽ പോകാൻ പറ്റാത്ത അവസരങ്ങളിൽ വീട്ടിൽത്തന്നെ ജമാഅത്തായിട്ട് നമസ്കരിക്കുമായിരുന്നു. ഏതെങ്കിലും നിർബന്ധസാഹചര്യത്തിൽ വളരെ അപൂർവമായിട്ടേ ഒറ്റയ്ക്ക് നമസ്കരിക്കാറുണ്ടായിരുന്നുള്ളു.അതുകൊണ്ട് ഒന്നാമതായി എല്ലാ സ്ഥലത്തും സ്നേഹിതന്മാർ ഒത്തുചേർന്ന് ജമാഅത്തായിട്ട് നമസ്കരിക്കേണ്ടതാണ്. ആർക്കെങ്കിലും ഇതിനു സാധിക്കുന്നില്ലെങ്കിൽ അയാൾ തന്റെ ഭാര്യാമക്കളുമൊത്ത് ജമാഅത്തായിട്ട് നമസ്കരിക്കേണ്ടതാണ്.

വലിയ പട്ടണവും സ്നേഹിതന്മാർ ദൂരദൂരെ താമസിക്കുന്നവരുമാണെങ്കിൽ അവിടെ മഹല്ല് തോറും ജമാഅത്തിനുള്ള ഏർപാടുണ്ടാക്കേണ്ടതാണ്. മസ്ജിദില്ലാത്ത സ്ഥലങ്ങളിൽ മസ്ജിദ് നിർമിക്കാൻ ശ്രമിക്കേണ്ടതാണ്. എന്തായാലും ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാകുന്നതിന് വീടുകളിലും അവരുമൊത്ത് നമസ്കരിക്കേണ്ടതാണ്. നമസ്കാരം അതിന്റെ എല്ലാ നിബന്ധനകളോടുംകൂടി നമസ്കരിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ശക്തമായി ഉപദേശിച്ചിട്ടുണ്ട്. ഇതു സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: നമസ്കാരത്തിന്റെ മനോഹാരിത അത് ഭംഗിയായി അനുഷ്ഠിക്കുന്നതിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ധാന്യമണികൾ കോഴി കൊത്തിപെറുക്കുന്നതുപോലെയാണ് ആളുകൾ നമസ്കരിക്കുന്നത്. അത്തരം നമസ്കാരം ഒരു പ്രയോജനവും ചെയ്യുകയില്ല. എന്നല്ല ചിലപ്പോൾ ശാപത്തിന് കാരണമാകുകയും ചെയ്യും.

കീഴിലുള്ളവർ തങ്ങൾക്ക് സലാം ചൊല്ലുന്നില്ലെന്ന് ഒരിക്കൽ ആരോ മുസ്‌ലിഹ് മൗഊദിനോട് പരാതിപ്പെട്ടു. അപ്പോൾ അവിടന്ന് ഇങ്ങനെ ഉപദേശിച്ചു. അല്ലാഹുവിന്റെ റസൂലിന്റെ കല്പന ഒരു സഹോദരൻ അംഗീകരിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് നമുക്ക് സ്വയം അതനുസരിച്ച് പ്രവർത്തിച്ചുകൂട? ചെറിയവർ മാത്രം സലാം ചൊല്ലുക, വലിയവർ ചൊല്ലണ്ട എന്ന് ഒരിടത്തും കല്പനയില്ല. കീഴിലുളളവർ ചൊല്ലിയില്ലെങ്കിൽ ഓഫീസർ ആദ്യം സലാം ചൊല്ലുക. ഇത്തരം കാര്യങ്ങളിൽ നാളിർമാർ ആക്ഷേപമുന്നയിക്കുന്നതിനു പകരം സ്വയം മാതൃകയാകുകയാണ് വേണ്ടത്. അതുകൊണ്ട് നമ്മുടെ എല്ലാ ഭാരവാഹികളും അവർ ഏത് സ്ഥാനത്തുള്ളവരാണെങ്കിലും തന്റെ മാതൃക കാണിക്കേണ്ടതാണ്. സലാം ചൊല്ലുന്നതിൽ മുന്നിടുക. ജമാഅത്തിനുള്ളിൽ ഓരോ വിഭാഗത്തിൽപ്പെട്ടവരും സലാം നടപ്പിൽ വരുത്തേണ്ടതാണ്. ഇക്കാര്യം ഹദീഥിലും വന്നിട്ടുണ്ട്.

ഒരു കേസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ശിക്ഷിക്കണമെന്ന് മജിസ്ട്രേട്ട് ഉറച്ച തീരുമാനം എടുത്തിരുന്നു. എന്നല്ല അയാളെക്കൊണ്ട് പ്രതിജ്ഞ ചെയ്യിച്ചിരുന്നു. ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: കാര്യം പറയുന്നതിനുമുമ്പേ ആമുഖം എന്ന നിലയിൽ ഒരിടത്ത് പറഞ്ഞു: അതായത് ഒരിക്കൽ നബി(സ)തിരുമേനി മുസ്‌ലീംകളുടെ കാനേഷുമാരി എടുത്തു. ശത്രു തങ്ങളെ നശിപ്പിക്കാതിരിക്കാൻവേണ്ടിയാണ് നബി(സ)കാനേഷുമാരി എടുക്കുന്നതെന്ന് സ്വഹാബാക്കൾ ധരിച്ചു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! ഇപ്പോൾ നമ്മൾ എഴുന്നൂറായിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും നമ്മെ നശിപ്പിക്കാൻ കഴിയുമെന്ന് കരുതാനാവുമോ? ഇത് എത്രമാത്രം ഗംഭീരമായ ഈമാനായിരുന്നു. എഴുന്നൂറായിരുന്നിട്ടും ശത്രുക്കൾക്ക് തങ്ങളെ നശിപ്പിക്കാനാകുമെന്ന് അവർക്ക് ചിന്തിക്കാനെ കഴിയുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: ഈമാന്റെ ശക്തി വളരെ വലുതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഭവമാണ്. ഒരിക്കൽ അവിടന്ന് ഗുരുദാസ്പൂരിലായിരുന്നു. ഖ്വാജ കമാലുദ്ദീൻ സാഹിബും ചില അഹ്മദികളും വളരെ പരിഭ്രമിച്ചുകൊണ്ട് വന്നു പറഞ്ഞു: നമ്മുടെ കേസ് കൈകാര്യചെയ്യുന്ന മജിസ്ട്രേട്ട് ലാഹോറിൽ പോയിരുന്നു. അപ്പോൾ അവിടെത്തെ ആര്യസമാജക്കാർ, മിർസാ സാഹിബ് തങ്ങളുടെ മതത്തിന്റെ കഠിനശത്രുവാണെന്നും അതുകൊണ്ട് ഒരു ദിവസമെങ്കിലും അയാളെ ശിക്ഷിക്കണമെന്നും ഇത് താങ്കളുടെ സാമൂഹിക സേവനമായിരിക്കുമെന്നു പറഞ്ഞ് അദ്ദേഹത്തിനുമേൽ വലിയ സമ്മർദം ചെലുത്തുകയും, മിർസാ സാഹിബിനെ തീർച്ചയായും ശിക്ഷിക്കുമെന്ന് അവർക്ക് അയാൾ വാക്ക് കൊടുത്ത് വന്നിരിക്കുന്നതായും അറിയാൻ കഴിഞ്ഞിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)കിടക്കുകയായിരുന്നു. ഇക്കാര്യം കേട്ട് അവിടന്ന് ഒരു വശത്തേക്ക് തിരിഞ്ഞ് കൈമുട്ട് കുത്തി തല ഉയർത്തിക്കൊണ്ട് പറഞ്ഞു: ഖ്വാജ സാഹിബേ! നിങ്ങൾ എന്താണ് ഈ പറയുന്നത്? അല്ലാഹുവിന്റെ സിംഹത്തിനുമേൽ ആർക്കെങ്കിലും കൈവെക്കാൻ കഴിയുമോ? അങ്ങനെ അല്ലാഹു ആ മജിസ്ട്രേട്ടിനെ ശിക്ഷിച്ചു. ആദ്യം ഗുരുദാസ്പൂരിൽനിന്ന് അയാൾക്ക് സ്ഥലമാറ്റമുണ്ടായി. പിന്നീട് അയാൾ ഡീപ്രമോട്ട് ചെയ്യപ്പെട്ടു. അതായത് അയാളെ ഇ.എസ്സ്.സി യിൽനിന്ന് മുൻസിഫ് ആക്കി. മറ്റൊരു മജിസ്ട്രേട്ട് വന്ന് വിധി പുറപ്പെടുവിച്ചു. ഈമാനികശക്തി അത്യുഗ്രമാണ്. ആർക്കും അതിനെ നേരിടാൻ സാധിക്കുകയില്ല.

ഈ കേസിനെ സംബന്ധിച്ച് ഒരിടത്ത് കൂടുതൽ അവിടന്ന് വിശദീകരിക്കുന്നുണ്ട്: 'ഖ്വാജ കമാലുദ്ദീൻ സാഹിബ് പറഞ്ഞു: ഹുദൂർ! മജിസ്ട്രേട്ട് തീർച്ചയായും അങ്ങയെ തടവിലാക്കും! ശിക്ഷിക്കും! അതുകൊണ്ട് വാദികളുമായിട്ട് രഞ്ജിപ്പിലാകുന്നതാണ് നല്ലത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈമുട്ടിൽ ഊന്നി എഴുന്നേറ്റ് ഇരുന്നുകൊണ്ട് പറഞ്ഞു:'ഖ്വാജ സാഹിബ്! അല്ലാഹുവിന്റെ സിംഹത്തിനുമേൽ കൈവെക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. ഞാൻ അല്ലഹുവിന്റെ സിംഹമാകുന്നു. അയാൾ എന്റെമേൽ കൈവെച്ചുനോക്കട്ടെ!' അങ്ങനെ തന്നെ അത് സംഭവിച്ചു. ആ കേസിന്റെ വിധി പറയാൻ നിശ്ചയിക്കപ്പെട്ട രണ്ടു മജിസ്ട്രേട്ടുമാരിൽ ഒരാളുടെ മകൻ ഭ്രാന്തനായി. അയാളുടെ ഭാര്യ അയാൾക്കെഴുതി: 'നിങ്ങൾ ഒരു മുസ്‌ലിം ഫഖീറിനെ അപമാനിച്ചു. അതിന്റെ ഫലമായിട്ടാണ് ഒരു മകൻ ഭ്രാന്തനായത്. ഇനി രണ്ടാമത്തവനുവേണ്ടി ജാഗരൂകനാകുക.' അയാൾ ഇക്കാര്യത്തിലേക്ക് ഒട്ടും ശ്രദ്ധിച്ചില്ല. അതിന്റെ ഫലമായി അയാളുടെ രണ്ടാമത്തെ മകൻ റാവിനദിയിൽപോയി അവിടെ കുളിച്ചുകൊണ്ടിരിക്കുമ്പോൾ മുതല കാലിനുപിടിച്ചു. അതോടെ കഥകഴിഞ്ഞു. ആ മജിസ്ട്രേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വളരെ ബുദ്ധിമുട്ടിച്ചിരുന്നു. കേസ് നടക്കുന്ന വേളയിൽ മുഴുവൻ സമയവും അദ്ദേഹത്തെ നിറുത്തിയിരുന്നു. ദാഹം ഉണ്ടായപ്പോൾ വെള്ളം കുടിക്കാൻ അനുവദിച്ചിരുന്നില്ല. രണ്ടാമത്തെ മജിസ്ട്രേട്ടും പിരിച്ചുവിടപ്പെട്ടു. എന്തായാലും ഇവർ രണ്ടുപേരും വലിയ അക്രമമാണ് ചെയ്തുകൊണ്ടിരുന്നത്. പിന്നീട് അവർ തങ്ങളുടെ ദുർപര്യവസാനവും കണ്ടു.ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: ഇത് വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്. ഇവ മുഖേന അല്ലാഹു ലോകത്ത് തന്റെ നബിമാരുടെ സത്യം വെളിപ്പെടുത്തുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സംഭവം കേൾപിക്കാറുണ്ടായിരുന്നു. ഒരിക്കൽ റുസ്തമിന്റെ വീട്ടിൽ കള്ളൻ കയറി. അദ്ദേഹം കള്ളനെ പിടിക്കാൻ ശ്രമിച്ചു. കള്ളന് അഭ്യാസം അറിയാമായിരുന്നു. അയാൾ റുസ്തമിനെ നിലത്തിട്ടു. ഇനി താൻ കൊല്ലപ്പെടുമെന്ന് കണ്ടപ്പോൾ റുസ്തം പറഞ്ഞു, റുസ്തം വന്നിരിക്കുന്നു. കള്ളൻ അതു കേട്ടപ്പോൾ റുസ്തമിനെ വിട്ടു ഓടിപ്പോയി. ചുരുക്കം പറഞ്ഞാൽ കള്ളൻ റുസ്തമുമായി പോരാടുകയും അദ്ദേഹത്തെ പൊക്കി നിലത്തടിക്കുകയും ചെയ്തു. പക്ഷേ, റുസ്തമിന്റെ പേരുകേട്ടപ്പോൾ ഭയന്നോടി. ഇതുപറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും ഉപദേശിച്ചു: ചിലയാളുകൾ ചിലപ്പോൾ ചില കിംവദന്തികൾ പരത്താറുണ്ട്. അതുമുഖേന ആളുകളുടെ വീര്യം ചോർന്നുപോകുന്നു. അതുകൊണ്ട് നമ്മുടെ ധൈര്യവും തന്റേടവും നിലനിറുത്തുന്നതിനുവേണ്ടി തെറ്റായ കിംവദന്തികൾ തടയേണ്ടതും അതിനെ നേരിടേണ്ടതും അങ്ങേയറ്റം നിർബന്ധമാണ്.

കറംദീൻ കൊടുത്ത കേസിനെ സംബന്ധിച്ച് പറയുന്നു: ഈ യാത്ര അവിടത്തെ വിജയം തുടങ്ങുന്നതിന്റെ ആദ്യത്തെ അടയാളമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു ക്രിമിനൽകേസിന് മറുപടി നല്കുന്നതിനുവേണ്ടി പോയി. അവിടെ വിവരിക്കാൻ പറ്റാത്തത്ര ജനക്കൂട്ടമാണുണ്ടായിരുന്നത്. അവിടന്ന് ഝലം റയിൽവെ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ പ്ലാറ്റുഫോമിൽ കാലുവെക്കാൻ ഇടയില്ലാത്തവിധം തിരക്കായിരുന്നു. എന്നല്ല സ്റ്റേഷനു വെളിയിൽ ഇരുവഴികളിലും വണ്ടി കടന്നുപോകാൻ പറ്റാത്തവിധം ജനക്കൂട്ടമായിരുന്നു. ഏകദേശം ആയിരമാളുകൾ ഇവിടെ ബയ്അത്തു ചെയ്തു. ആ മഹാത്മാവ് കോടതിയിൽ ഹാജരാകാൻപോയപ്പോൾ കോടതി നടപടി കേൾക്കുന്നതിനുവേണ്ടി വൻജനാവലി എത്തിച്ചേർന്നിരുന്നു. എത്രത്തോളമെന്നാൽ കോടതിനടപടികൾ ചെയ്യുന്നത് തന്നെ ദുഷ്കരമായി. എന്തായാലും ആദ്യത്തെ കേസിന്റെ ഹിയറിംഗിൽ അവിടന്ന് കുറ്റവിമുക്തനായി. ഖയ്റോടുകൂടി തിരിച്ചുവന്നു. ഇതിനുശേഷം അവിടന്ന് പറഞ്ഞതുപോലെ ജമാഅത്തിന് വിജയമുണ്ടാകാൻ തുടങ്ങി. ചില സന്ദർഭങ്ങളിൽ ഓരോ ദിവസവും അഞ്ഞൂറഞ്ഞൂറ് കത്തുകളാണ് ബയ്അത്തു ചെയ്യന്ന വിവരം അറിയിച്ചുകൊണ്ട് കിട്ടിക്കൊണ്ടിരുന്നത്. ആ മഹാത്മാവിന്റെ അനുയായികൾ ആയിരക്കണക്കിന് ലക്ഷക്കണക്കിനെത്തി. എല്ലാ തരത്തിലുള്ള ആളുകളും അവിടത്തെ കൈയിൽ ബയ്അത്ത് ചെയ്തു. ഈ സംഘം ആ മഹാത്മാവിന്റെ ജീവിതത്തിൽത്തന്നെ വളരെ ശക്തമായി വ്യാപിക്കാൻ തുടങ്ങി. പഞ്ചാബിൽനിന്ന് പുറപ്പെട്ട് മറ്റു സംസ്ഥാനങ്ങളിലും പിന്നീട് മറ്റു രാജ്യങ്ങളിലും പരക്കാൻ തുടങ്ങി.

അല്ലാഹു ധൃഷ്ടതയ്ക്കുള്ള ശിക്ഷ എങ്ങനെയാണ് നല്കുന്നത്? മജിസ്ട്രേട്ടിന്റെ ഒരു സംഭവം കേട്ടുകഴിഞ്ഞു. മറ്റൊരു സംഭവം അവിടന്ന് വിവരിക്കുന്നു: അബ്ദുൽ കരീം എന്ന ഒരു സർഹദി മൗലവി ഉണ്ടായിരുന്നു. നമ്മുടെ ജമാഅത്തിന്റെ കഠിനവിരോധിയായിരുന്നു അയാൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവത്തെ അയാൾ വളരെ നിന്ദ്യമായി വിശദീകരിച്ചു: 'നോക്കൂ! അയാൾ നബിയാണെന്ന് പറഞ്ഞ് ചുറ്റിക്കറങ്ങി നടക്കുകയാണ്. എന്നാൽ, അയാൾ ഡൽഹിയിൽ പോയപ്പോൾ മിർസ ഹയ്റത്ത് പോലീസ് ഇൻസ്പെക്ടറായി അയാളുടെ അടുക്കൽ പോയി. അയാൾ ബംഗ്ലാവിൽ ഇരിക്കുകയായിരുന്നു.'വാസ്തവത്തിൽ ഇതും തെറ്റാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ആ സമയത്ത് താഴെ വീട്ടുമുറ്റത്തിരിക്കുകയായിരുന്നു. മൗലവി അബ്ദുൽ കരീം തുടർന്ന് പറയുന്നു:'പോലീസ് ഇൻസ്പെക്ടർ വന്നിരിക്കുന്നുവെന്ന് അയാൾ കേട്ടപ്പോൾ എത്രമാത്രം പരിഭ്രമിച്ചുവെന്നാൽ ആ പരിഭ്രമത്തോടെ താഴേക്കിറങ്ങുമ്പോൾ അയാളുടെ കാല് തെന്നുകയും മുഖംകുത്തി വീഴുകയും ചെയ്തു.' അയാളുടെ ഈ പ്രസംഗം കേട്ട് ആളുകൾ ചിരിക്കാനും പരഹസിക്കാനും തുടങ്ങി. എന്നാൽ, അതേ രാത്രി അല്ലാഹു മൗലവി അബ്ദുൽകരീമിനെ പിടിച്ചു. അയാൾ തന്റെ വീടിന്റെ ടെറസിൽ ഉറങ്ങുകയായിരുന്നു. രാത്രി എന്തിനോവേണ്ടി ഉണർന്നു. അതിന് ചുറ്റുമതിലുണ്ടായിരുന്നില്ല. ഉറക്കംകൊണ്ട് അയാളുടെ കണ്ണുകൾ അടഞ്ഞുകൊണ്ടിരുന്നു. അയാൾ ഒരു കാല് വെച്ചത് വെളിയിലായിപ്പോയി. അയാൾ ടപ്പോന്ന് താഴെ വന്നു വീണു. വീണുടനെ മരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ നബിമാരെ പരിഹസിക്കുന്നവരുടെ പര്യവസാനം എന്തായിരിക്കുമെന്ന കാര്യവും അയാളുടെ പര്യവസാനം കണ്ടവരിൽ പ്രത്യക്ഷമായി. ഇന്ന് നബി(സ) തിരുമേനിയെ പരിഹസിക്കുന്ന മാർഗം സ്വയത്തമാക്കിയിട്ടുള്ളവർ അല്ലെങ്കിൽ വ്യർഥമായ കാര്യം പുലമ്പുന്നവരെ-നബി(സ) തിരുമേനി അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട നബിയാണ്-അവരുടെ വ്യർഥമായ സംസാരങ്ങളിൽ അവരെ വെറുതെയങ്ങ് വിട്ടുകളയുമോ? ഇല്ല. പ്രത്യുത അല്ലാഹു അത്തരക്കാരെ ലോകത്ത് തന്നെ ഗുണപാഠത്തിന് അടയാളമാക്കുന്നതാണ്. അതുകൊണ്ട് നാം നമ്മുടെ വേദനയെ ദുആകളുടെ അച്ചിൽ ഇടേണ്ടതാണ്. പ്രത്യേകിച്ചും ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംഭവം വിവരിച്ചുകൊണ്ട് വീണ്ടും പറയുന്നു: ലോകത്തിന് ബോധ്യമാകും വിധം നിങ്ങളുടെ ഉള്ളിൽ പരിവർത്തനമുണ്ടാക്കുക. നിങ്ങളുടെ അവസ്ഥ എങ്ങനെയായിരിക്കണമെന്നാൽ, നിങ്ങളുടെ തഖ്‌വയും പരിശുദ്ധിയും നിങ്ങളുടെ ദുആകളുടെ സ്വീകാര്യതയും നിങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും കണ്ട് ആളുകൾ ഈ ഭാഗത്തേക്ക് ആകർഷിച്ച് വരണം. ഓർമിക്കുക! അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി അത്തരക്കാർ മുഖേനയായിരിക്കുമുണ്ടാകുക. നിങ്ങൾ ഈ സ്ഥാനത്ത് അല്ലെങ്കിൽ ഇതിനോടടുത്ത് എത്തുകയാണെങ്കിൽ പിന്നീട് നിങ്ങൾ വെളിയിൽ കാല് വെക്കുകയില്ല. എന്നല്ല ഏതെങ്കിലും മറഞ്ഞസ്ഥലത്ത് പോയി ഇരിക്കുകയാണെങ്കിലും അവിടേയും ജനങ്ങൾ നിങ്ങളുടെ ചുറ്റും കൂടുന്നതാണ്. ഇൻശാഅല്ലാഹ് അവർ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണ്.

ഒരു സംഭവം അവിടന്ന് വിവരിക്കുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽപ്പോയപ്പോൾ, ആരെങ്കിലും അയാളുടെ പ്രസംഗം കേൾക്കാൻ പോയാൽ അയാളുടെ നിക്കാഹ് വിച്ഛേദിക്കപ്പെടുമെന്ന് മൗലവിമാർ ഫത്‌വ നല്കി. പക്ഷേ, ഹദ്റത്ത് മിർസാ സാഹിബിന്റെ ആകർഷണം എങ്ങനെയുള്ളതായിരുന്നുവെന്ന് വെച്ചാൽ ആളുകൾ ആ ഫത്‌വ അവഗണിച്ച് അദ്ദേഹത്തിന്റെ അടുത്തെത്തി.

ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വളരെ ആത്മാർഥ സ്വഹാബിയായിരുന്നു. അദ്ദേഹത്തെ കുറിച്ച് പറയുന്നു: അഹ്മദിയ്യത്തിൽ വരുന്നതിനു മുമ്പേ അദ്ദഹം വഹാബികളുടെ പ്രസിദ്ധ പണ്ഡിതനായിരുന്നു. ഒരുപാട് സൽസ്വഭാവങ്ങളുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തെ കണ്ടാൽ അദ്ദേഹം ഒരു ആലിമാണെന്ന് ആരും പറയുമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: എനിക്ക് അദ്ദേഹത്തിന്റെ ഒരു ഫലിതം എപ്പോഴും ഓർമവരാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ പോയപ്പോൾ അവിടെ ശക്തമായ എതിർപ്പുണ്ടായി. അതിനുശേഷം അദ്ദേഹം മടങ്ങി വരുമ്പോൾ എതിരാളികൾ ആരെയൊക്കെയാണോ അഹ്മദിയാണെന്ന് തിരിച്ചറിഞ്ഞത് അവരെ കഠിനമായി ദ്രോഹിക്കാൻ തുടങ്ങി. മൗലവി ബുർഹാനുദ്ദീൻ സാഹിബും സ്റ്റേഷനിൽനിന്ന് മടങ്ങിപ്പോകുകയായിരുന്നു. ആളുകൾ അദ്ദേഹത്തിനുനേരെ ചാണകം എറിയാൻ തുടങ്ങി. ഒരാൾ അദ്ദേഹത്തിന്റെ വായിലും ചാണകമിട്ടു. എന്നാൽ, അദ്ദേഹം വളരെ സന്തോഷത്തോടെ ഈ ദ്രോഹം സഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെമേൽ ചാണകമെറിയുമ്പോഴെല്ലാം വളരെ രസാനുഭവത്തോടെ ഈ ദിവസം എത്ര സന്തോഷത്തിന്റെ ദിവസമാണ്! ഈ ദിവസം എത്ര സന്തോഷത്തിന്റെ ദിവസമാണ്! എന്നു പറഞ്ഞുകൊണ്ടിരുന്നു. കണ്ടുനിന്നിരുന്ന ആൾ പറഞ്ഞു, അദ്ദേഹത്തിന്റെ നെറ്റിയിൽ വെറുപ്പിന്റെ ഒരു ചുളിവ് പോലും ഉണ്ടായിരുന്നില്ല. അദ്ദേഹം താൻ അഹ്മദിയായതിന്റെ വിസ്മയകരമായ ഒരു സംഭവം കേൾപിക്കാറുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന് മുമ്പേ ആ മഹാത്മാവിനെ ഞാൻ കണ്ടിരുന്നു. അവിടന്ന് എന്തോ ലേഖനമെഴുതിക്കൊണ്ട് മുറിയിൽ വളരെ വേഗത്തിൽ ഉലാത്തുകയായിരുന്നു. ആ സമയത്ത് അവിടത്തെ മനസ്സിൽ, താൻ ലോകത്ത് ഏതോ മഹത്തായ ജോലി ചെയ്യുമെന്ന കാര്യം ഉറച്ചിരുന്നതായിതോന്നി.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറ

യുന്നു: ‘വേഗം ജോലി ചെയ്യുന്ന നേരങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വലിയ ഭാവവ്യത്യാസമുണ്ടാകുമായിരുന്നു.’

അതുകൊണ്ട് കുട്ടികളിൽ വേഗം ജോലിചെയ്യുന്നതിനും വേഗം ചിന്തിക്കുന്നതിനുമുള്ള ശീലമുണ്ടാക്കുക. എന്നാൽ, വേഗം കൊണ്ടുള്ള ഉദ്ദേശ്യം എടുത്തുചാട്ടമല്ല. പ്രത്യുത ചിന്തിച്ചും മനസ്സിലാക്കിയും വേഗം പ്രവർത്തിക്കുക എന്നതാണ്. തിടുക്കം കൂട്ടുന്നവൻ ശയ്ത്വാനാണ്. എന്നാൽ,  ചിന്തിച്ചും മനസ്സിലാക്കിയും വേഗം പ്രവർത്തിക്കുന്നവൻ അല്ലാഹുവിന്റെ ഭടനാണ്. അതുകൊണ്ട് വലിയവർക്കും ഭാരവാഹികൾക്കും തങ്ങളുടെ ജോലികളിൽ വേഗമുണ്ടാക്കേണ്ട ആവശ്യമുണ്ട്. വലിയവിലമതിച്ചുകൊണ്ട് സമയത്തെ ഉപയോഗിച്ച ആ മസീഹിനെ വിശ്വസിച്ചവരാണ് നാം. അദ്ദേഹത്തിന്റെ സമയം പാഴാക്കിക്കളയുകയില്ലെന്ന് അല്ലാഹുവും വെളിപാടുമുഖേന പറയുകയുണ്ടായി. നമ്മൾ ഇക്കാര്യം ശ്രദ്ധയിൽ വെക്കേണ്ടതാണ്. മരണത്തെ ഭയപ്പെടുന്നവരെ ശത്രു പേടിപ്പെടുത്തുന്നു എന്നകാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഝലമിൽ നടന്ന മൗലവി ബുർഹാനുദ്ദീൻ സാഹിബിന്റെ സംഭവം പറയുകയുണ്ടായി. തുടർന്നുപറഞ്ഞു, ഇക്കൂട്ടർ മരണത്തെ ഭയപ്പെടുന്നുവെന്ന് ശത്രു കാണുമ്പോൾ, വരൂ നമുക്ക് ഇവരെ ഭയപ്പെടുത്താമെന്ന് പറയും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ശയ്ത്വാൻ തന്റെ മിത്രങ്ങളെ ഭയപ്പെടുത്തുന്നു. ഒരു വ്യക്തി ഭയപ്പെടുമ്പോൾ ശത്രു മനസ്സിലാക്കുന്നു ഇവൻ ശയ്ത്വാന്റെ ആളാണെന്ന്. എന്നാൽ, അവൻ ഭയപ്പെടുന്നില്ലെങ്കിൽ, മറിച്ച് ആ ബുദ്ധിമുട്ടുകളെ അല്ലാഹുവിന്റെ സമ്മാനമായി മനസ്സിലാക്കുകയും അല്ലാഹു തന്റെ അനുഗ്രഹത്താൽ തനിക്ക് ഈ മാന്യമായ സ്ഥാനം നല്കിയിരിക്കുന്നുവെന്നും അവനുവേണ്ടി അടികൊള്ളാൻ തന്നിൽ ഔദാര്യം ചെയ്തിരിക്കുന്നുവെന്ന്പറയുകയും ചെയ്യുമ്പോൾ ശത്രു പരിഭ്രമിച്ചുപോകുകയും അവസാനം അവൻ നാണിച്ചുപോകുകയും ചെയ്യുന്നതായിരിക്കും.

മൗലവി ബുർഹാനുദ്ദീനുമായി ബന്ധപ്പെട്ട മറ്റൊരു സംഭവവുമുണ്ട്. ഒരിക്കൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്ന് താൻ തന്റെ മരിച്ചുപോയ സഹോദരിയെ സ്വപ്നത്തിൽ കണ്ടിരിക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹം തന്റെ സഹോദരിയോട് അവിടെ നിന്റെ അവസ്ഥ എന്താണെന്നും ചോദിച്ചു. അവൾ പറഞ്ഞു: അല്ലാഹു വലിയ ഫള്ൽ ചെയ്തിരിക്കുന്നു. എനിക്ക് അല്ലാഹു പൊറുത്തു തന്നിരിക്കുന്നു. ഇപ്പോൾ ഞാൻ സ്വർഗത്തിൽ സുഖമായി കഴിയുന്നു. ബുർഹാനുദ്ദീൻ സാഹിബ് പറയുന്നു: ‘ഞാൻ ചോദിച്ചു, പെങ്ങളേ! നീ അവിടെ എന്താണ് ചെയ്യുന്നത്?’ അവർ പറഞ്ഞു: ‘ഇലന്തപ്പഴം വില്ക്കുകയാണ്.’ മൗലവി ബുർഹാനുദ്ദീൻ സാഹിബ് സ്വപ്നത്തിൽത്തന്നെ അവരോടു പറഞ്ഞു, ‘സഹോദരീ! നമ്മുടെ ഖിസ്മത് അത്ഭുതംതന്നെ. നമുക്ക് സ്വർഗത്തിലും ഇലന്തപ്പഴം വില്പനയാണല്ലോ.’ ദരിദ്രകുടുംബമായിരുന്നു അവരുടേത്. അതുകൊണ്ട് സ്വപ്നത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധ അങ്ങോട്ട് പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഇലന്തപ്പഴം യഥാർഥത്തിൽ സ്വർഗത്തിലെ പഴമാണ്. അതിന്റെ ഉദ്ദേശ്യം ഒരിക്കലും അസ്തമിക്കാത്ത സമ്പൂർണ സ്നേഹമാണ്. കാരണം സിദ്റത്ത് അസ്തമിക്കാത്ത ദൈവികസ്നേഹത്തിന്റെ സ്ഥാനമാണ്. ബുർഹാനുദ്ദീൻ സാഹിബിന്റെ സഹോദരി അല്ലാഹുവിന്റെ അസ്തമിക്കാത്ത സ്നേഹം ജനങ്ങളിൽ വിതരണം ചെയ്യുന്നു എന്നതായിരുന്നു ഇതിന്റെ വ്യാഖ്യാനം. പിന്നീട് വിശദീകരണത്തിൽ അവിടന്ന് പറയുന്നു, മുഅ്മിൻ എവിടെ താമസിച്ചാലും അവന് ജോലി ചെയ്യേണ്ടിവരും. അല്ലാഹു വ്യക്തമായും പറയുന്നു, നിങ്ങൾ ജോലിയെല്ലാം കഴിഞ്ഞാലും വീണ്ടും കൂടുതൽ അധ്വാനിക്കുക. നിങ്ങളുടെ റബ്ബിലേക്ക് ഓടുക. മർമപ്രധാനമായ ഇക്കാര്യം എപ്പോഴും ഓർമ വെക്കേണ്ടതാണ്. ഈ അർഥത്തിൽ ഭൗതികർ വിശ്രമമെന്ന് പറയുന്ന ഒരു വിശ്രമവും നിങ്ങൾക്കില്ല. ഈ അർഥങ്ങളിൽ ആരാണോ വിശ്രമം അന്വേഷിച്ച് നടക്കുന്നത് അവൻ ഈ ലോകത്തും അന്ധനായിരിക്കും പരലോകത്തും അന്ധനായിരിക്കും.

അതുകൊണ്ട് മുഅ്മിന്റെ പ്രവൃത്തിയാണ് തന്നെ എപ്പോഴും ജോലിയിൽ വ്യാപൃതനാക്കി വെക്കുക എന്നത്. ഒരു ലക്ഷ്യം കരസ്ഥമാക്കിക്കഴിഞ്ഞാൽ രണ്ടാമത്തെലക്ഷ്യത്തിന് അരമുറുക്കുക. ഇതുതന്നെയാണ് വ്യക്തിപരവും സാമൂഹികവുമായ അഭിവൃദ്ധിക്കുള്ള കുറിപ്പടിയും രഹസ്യവും. അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 06.02.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha’ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama’at
Baithul Quddoos, G.H.Road
Calicut - 673001,Kerala